K24P 3844

Reg. No. : ...............................

Name : ...................................

# I Semester M.A. Degree (C.B.C.S.S. – OBE-Reg./Supple./Imp.) Examination, October 2024 (2023 Admission Onwards)

## മലയാളം

## MAMAL01C02 : പ്രാചീന മധ്യകാലസാഹിത്യം

Time : 3 Hours                                                                 Max. Marks : 80

I. **1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **5 എണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോന്നും ഒരു പുറത്തിൽ കവിയരുത്.** **(5×4=20)**

1) "മലനാടു തന്നിൽ നിന്നും മറുവറും കുറുമൂർപ്പള്ളി
തങ്ങളാലായവണ്ണം ചമത്തുടെൻ നികത്തിനാരെ..." കുറുമൂർപ്പള്ളിയെ
ക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ വിവരിക്കുക.

2) "നാരായണനു വയ്ക്കിന്റെ
മാരവൈരി മഹേശ്വരൻ
ഉമയാ സഹമച്ചിത്തേ
രമിക്ക നിജവേശ്മനി" – ഭാഷാപരമായ സവിശേഷതകൾ വിശദീകരിക്കുക.

3) "സ്വാമി ദ്രോഹികളേവംശവിച്ഛേദം വരുത്തിയതും
സ്വാമിത്രമന്നവൻമാരേദ്രവിപ്പിച്ചതും
ഭൂമിയിലാരും സാധിക്കാത്ത കാര്യം പലകൂട്ടം
ഭൂമാവുകൊണ്ടു സാധിച്ചു സമർപ്പിച്ചതും"
– കേരളചരിത്രത്തിലെ ഏതു സംഭവത്തെക്കുറിച്ചാണ് രാമപുരത്ത് വാര്യർ സൂചിപ്പിക്കുന്നത് ? വിശദമാക്കുക.

4) ഉദയംപേരൂർ സുന്നഹദോസിലെ കാനോനകളുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക.

5) ശിവപാർവ്വതിമാർ വനചരരായി വേഷം മാറുന്നത് കുഞ്ചൻനമ്പ്യാർ എങ്ങനെയാണ് ആവിഷ്കരിക്കുന്നത് ? കവിയുടെ വർണ്ണനാ പാടവത്തെക്കുറിച്ച് വിവരിക്കുക.

6) വർത്തമാനപ്പുസ്തകത്തിന് മലയാള സാഹിത്യ ചരിത്രത്തിലുള്ള സ്ഥാനത്തെക്കുറിച്ച് വിശദമാക്കുക.

P.T.O.

II. **7** മുതൽ **11** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോന്നും മൂന്നു പുറത്തിൽ** കവിയരുത്. **(3×8=24)**

7) ആട്ടപ്രകാരങ്ങളിലെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

8) വൈശികതന്ത്രത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

9) പ്രാചീന ചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള ഭാഷാപരവും പ്രമേയപരവുമായ വൈജാത്യങ്ങൾ എന്തെല്ലാം ?

10) ജ്ഞാനപ്പാന ഭക്തിപ്പാനയാണെന്ന അഭിപ്രായത്തെ സാധൂകരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

11) പാട്ടിന്റെ ലക്ഷണവുമായി രാമകഥപ്പാട്ട് പൊരുത്തപ്പെടുന്നുണ്ടോ ? വിവരിക്കുക.

III. **12** മുതൽ **16** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക. **ഓരോന്നും അഞ്ചു പുറത്തിൽ** കവിയരുത്. **(3×12=36)**

12) മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ ജൂതശാസനം, വർത്തമാനപ്പുസ്തകം, തലശ്ശേരി രേഖകൾ എന്നിവയെ അടിസ്ഥാനമാക്കി വിവരിക്കുക.

13) ഭാഷാപരമായി പാട്ടിന്റെ ലക്ഷണങ്ങൾ പാലിക്കുന്ന തിരുനിഴൽമാല പ്രമേയപരമായി മണിപ്രവാള കാവ്യങ്ങളോട് സാദൃശ്യം പുലർത്തുന്നു എന്ന അഭിപ്രായത്തെക്കുറിച്ച് ചർച്ച ചെയ്യുക.

14) എഴുത്തച്ഛന്റെ കാവ്യങ്ങളിലെ ഭക്തിയെക്കുറിച്ച് ഉപന്യസിക്കുക.

15) കൃഷ്ണഗാഥയുടെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

16) അറബിമലയാള കാവ്യങ്ങളും സാംസ്കാരിക വിനിമയവും – ഉപന്യസിക്കുക.

---